14-ാം കേരള നിയമ സഭ

10-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3362 14-03-2018 -ൽ മറുപടിയ്ക്ക്

## ബി.പി.എൽ വിഭാഗത്തിൽപെട്ട എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്സിന് പഠിക്കുന്ന ബി.പി.എൽ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സ്കോളർഷിപ്പിനുള്ള തുക എപ്രകാരമാണ് കണ്ടെത്തുന്നത്; എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ അടയ്ക്കുന്ന ഫീസിൽ നിന്നുമാണോ ഇതിനുള്ള തുക കണ്ടെത്തുന്നത്;ആയത് വിശദമാക്കുമോ;<br>(സി) 2017-18 കാലയളവിൽ എം.ബി.ബി.എസിന് സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ ലഭിച്ച ബി.പി.എൽ വിഭാഗത്തിൽപെട്ട എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചുവെന്നതിന്റെ വിശദാംശം നൽകുമോ? | (ബി) യും (സി) യും: എൻ.ആർ.ഐ ഫീസിനത്തിൽ നിന്നും 5 ലക്ഷം രൂപ വീതം മാറ്റി വച്ചുകൊണ്ട് ഒരു സഞ്ചിതനിധി രൂപീകരിക്കാനും അതിൽ നിന്നും ബി.പി.എൽ / താഴ്ന്ന വരുമാനക്കാരായ വിഭാഗം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ